# ‘ആത്മീയ പോരാട്ടം’

## എഫേസ്യർ 06:12

**“നമുക്കു പോരാട്ടം ഉള്ളതു ജഡരക്തങ്ങളോടല്ല, വാഴ്ചകളോടും അധികാരങ്ങളോടും ഈ അന്ധകാരത്തിന്റെ ലോകാധിപതികളോടും സ്വർലോകങ്ങളിലെ ദുഷ്ടാത്മ സേനയോടും അത്രേ.”**

പ്രപഞ്ചത്തെയും അതിലുള്ള സകലചരാചരങ്ങളെയും സൃഷ്ടിച്ച് അതിനെല്ലാം അധികാരിയായി മനുഷ്യനെ സൃഷ്ടിച്ച് ആക്കിവെച്ച ദൈവം ഉദ്ദേശിച്ചത് മനുഷ്യനുമായി സ്നേഹം പങ്കിടാനും അവനോടൊപ്പം ഈ പ്രപഞ്ചത്തിൽ വസിക്കുവാനുമാണ്. എന്നാൽ മനുഷ്യൻ അവിടെ ദൈവത്തിന്റെ പദ്ധതികളെയെല്ലാം തകിടം മറിക്കുന്ന രീതിയിൽ പ്രവൃത്തിക്കുന്നതായി കാണാം. ഹവ്വായെ സർപ്പം ഉപായത്താൽ ചതിയിലേക്ക് വീഴ്ത്തുന്നു, അതോടെ ഈ ലോകത്തിൽ പാപം നിറയാൻ തുടങ്ങി. ഉൽപത്തി പുസ്തകം അദ്ധ്യായം 4 ലേക്ക് വരുമ്പോൾ അവിടെ കായീന്റെ ജീവിതം നമുക്ക് കാണാം. കായീനോട് ദൈവം പറയുന്നുണ്ട്, പാപം നിന്റെ പടിവാതിൽക്കൽ കിടക്കുന്നു എന്ന്. ഇന്ന് നമ്മുടെ ജീവിതത്തിലും ദൈവം അവന്റെ വചനത്തിലൂടെ നമ്മെ ഓർമ്മിപ്പിക്കുന്ന ഒരു കാര്യം ഇതാണ്, “പാപം നമ്മുടെ പടിവാതിൽക്കൽ കിടക്കുന്നു.” പലപ്പോഴും നാം അത് തിരിച്ചറിയാതെ പോകുന്നു. ഈ പടിവാതിൽക്കൽ കിടക്കുന്ന പാപത്തെ നാം വളരെ അനായാസേന വിളിച്ച് നമ്മുടെ ജീവിതത്തിലേക്ക് കയറ്റുന്നു. ഇത് ഇന്നു സംഭവിക്കുന്നത് മേൽപ്പറഞ്ഞ വചനം അന്വർത്ഥമാക്കുമ്പോഴാണ്. ഇന്നു നമ്മുടെ പോരാട്ടം എന്നു പറയുന്നത് നമുക്ക് ദൃശ്യമായിരിക്കുന്ന ഒന്നിനോടും അല്ല, മറിച്ച് അദൃശ്യമായ സാത്താന്യ ശക്തികളോടാണ്.

സാത്താനും അവന്റെ സേനകളും ഇന്ന് ഈ പ്രപഞ്ചത്തെ മ്ലേച്ഛത കൊണ്ട് നിറച്ചിരിക്കുന്നു. രക്ഷിക്കപ്പെടാത്തവരേയും രക്ഷിക്കപ്പെട്ട ദൈവമക്കളേയും ഒരേപോലെ അവന്റെ ഉപായത്താൽ പാപത്തിലേക്ക് വീഴിക്കാൻ അവൻ നിരന്തരം പരിശ്രമിച്ചു കൊണ്ടിരിക്കുന്നു. അതിൽ അവൻ മിക്കവാറും വിജയം കാണുകയും ചെയ്യുന്നു എന്നുള്ളത് നാം ഓരോരുത്തരുടേയും ജീവിതം ഒന്നു ശോധന ചെയ്തു നോക്കിയാൽ തന്നെ മനസ്സിലാകും. കാരണം നാം നിരന്തരം പാപത്തിലേക്കു വഴുതി വീഴുന്നത് ഇതുപോലുള്ള ദുഷ്ടാത്മസേനയുടെ പ്രവർത്തനത്തിൻ ഫലമാണ്. എന്നാൽ ദൈവമക്കൾ ഒരു കാര്യം മനസ്സിലാക്കണം നമ്മുടെ ഉള്ളിൽ വസിക്കുന്നത് ദൈവത്തിന്റെ

പരിശുദ്ധാത്മാവാണ്, അത് ഭീരുത്വത്തിന്റെ ആത്മാവ് അല്ല. മറിച്ച് നമ്മെ ആത്മധൈര്യം നൽകി ജയത്തിലേക്ക് നടത്തുന്ന ശക്തിയുടെ ആത്മാവാണ്. പലപ്പോഴും ഈ ഒരു കാര്യം നാം മറന്നു പോകുന്നതു കൊണ്ടാണ് നമുക്ക് പെട്ടെന്ന് സാത്താന്റെ ചതിയിൽ വീണുപോവാനുള്ള ഒരു സാഹചര്യം ഉണ്ടാവുന്നത്.

എഫേസ്യ ലേഖനത്തിൽ അദ്ധ്യായം 6 തുടർന്നു വായിക്കുമ്പോൾ നമുക്കവിടെ കാണാം എപ്രകാരം ഒരു ദൈവപൈതലിന്നു ഈ പോരാട്ടങ്ങളെ വിജയിക്കാൻ സാധിക്കുമെന്ന്. (എഫേസ്യർ 6:14–17) 'അതുകൊണ്ടു നിങ്ങൾ ദുർദ്ദിവസത്തിൽ എതിർപ്പാനും സകലവും സമാപിച്ചിട്ടു ഉറെച്ചു നിൽപാനും കഴിയേണ്ടതിന്നു ദൈവത്തിന്റെ സർവ്വായുധവർഗ്ഗം എടുത്തുകൊൾവിൻ. നിങ്ങളുടെ അരെക്കു സത്യം കെട്ടിയും നീതി എന്ന കവചം ധരിച്ചും സമാധാന സുവിശേഷത്തിനായുള്ള ഒരുക്കം കാലിന്നു ചെരിപ്പാക്കിയും എല്ലാറ്റിന്നും മീതെ ദുഷ്ടന്റെ തീയമ്പുകളെ ഒക്കെയും കെടുക്കുവാന്തക്കതായ വിശ്വാസം എന്ന പരിച എടുത്തുകൊണ്ടും നിൽപിൻ. രക്ഷ എന്ന ശിരസ്ത്രവും ദൈവവചനം എന്ന ആത്മാവിന്റെ വാളും കൈക്കൊൾവിൻ.'' ഭൗതീകമായി ഒരു യുദ്ധത്തിന്നു പുറപ്പെടുന്ന പോരാളി അവന്റെ രക്ഷെക്കായി എന്തെല്ലാം ആയുധങ്ങൾ മുൻകൂട്ടി എടുക്കുന്നുവോ അതേപോലെ ആത്മീയമായ പോരാട്ടത്തിനൊരുങ്ങുന്ന ഒരു ദൈവപൈതലിന്നു ദൈവം നൽകുന്ന ആയുധങ്ങളെ കുറിച്ചാണ് മേൽ വിവരിച്ചു കണ്ടത്.

അപ്രകാരം ദൈവത്തിന്റെ വചനവുമായി നിരന്തര സമ്പർക്കം പുലർത്തുന്നവരായി അവന്റെ സർവ്വായുധവർഗ്ഗം ധരിച്ച് ആത്മീയ പോരാട്ടത്തിന്നായി അനുനിമിഷം ഒരുങ്ങാം. സാത്താന്റെ എല്ലാ തന്ത്രങ്ങളിൽ നിന്നും വേറിട്ടു നിൽക്കാൻ ദൈവത്തിന്റെ പരിശുദ്ധാത്മാവ് നമ്മെ സഹായിക്കുമാറാകട്ടെ.

പരാമർശം:
സങ്കീർത്തനങ്ങൾ 118:28

"നീ എന്റെ ദൈവമാകുന്നു; ഞാൻ നിനക്കു സ്തോത്രം ചെയ്യും; നീ എന്റെ ദൈവമാകുന്നു; ഞാൻ നിന്നെ പുകഴ്ത്തും"

ബ്രദർ. ബിനു ബേബി ആലപ്പുഴ 094